**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.357**

**27/09/2016 ൽ**
**മറുപടിയ്ക്ക്**

**സെറിഫെഡിന്റെ സിൽക്ക് റീലിങ്ങ് കേന്ദ്രം**

**ചോദ്യം**
**ശ്രീ.എൻ.എ.നെല്ലിക്കുന്ന്**

**ഉത്തരം**
**ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ മയിലാട്ടിയിൽ സ്ഥിതി ചെയ്യുന്ന സെറിഫെഡിന്റെ സിൽക്ക് റീലിങ്ങ് കേന്ദ്രത്തിൽ എത്ര ജീവനക്കാരുണ്ടെന്നും ഇവർ എത്ര കാലമായി പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നുണ്ടെന്നും ഇവർക്ക് ശമ്പളയിനത്തിൽ കുടിശ്ശിക ഉണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | പ്രസ്തുത കേന്ദ്രത്തിൽ നിലവിൽ ജീവനക്കാരില്ല. 20 തൊഴിലാളികൾ സിൽക്ക് റീലിംഗ് മേഖലയിൽ പ്രവർത്തിച്ച് വന്നിരുന്നു. ഇവർ 1993 മുതൽ പ്രവർത്തിച്ച് വന്നവരാണ്. ഇവരുടെ 28/2/2016 വരെയുള്ള വേതനം ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് നൽകിയിട്ടുണ്ട്. 20/01/2016 ന് ഈ യൂണിറ്റിനെ ഖാദി ബോർഡ് പുനരുദ്ധരിക്കുന്നതിനായി സെറിഫെഡിന് കൈമാറിയിട്ടുണ്ട്. |
| (ബി) | ഈ സ്ഥാപനത്തിന്റെ ലാഭ നഷ്ടങ്ങളെക്കുറിച്ചും ഇവിടെ നടക്കുന്ന ഉല്പാദനങ്ങളെക്കുറിച്ചും വിശദാംശങ്ങൾ നൽകാമോ; | (ബി) | 2014-15 ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ടി സ്ഥാപനം 5661624/- രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. കൊക്കൂണിൽ നിന്നും പട്ടുനൂൽ ഉല്പാദിപ്പിക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്. |
| (സി) | ശമ്പള കുടിശ്ശിക വരാൻ കാരണമെന്താണെന്നും അത് എപ്പോൾ കൊടുത്തു തീർക്കുമെന്നും വ്യക്തമാക്കാമോ? | (സി) | സർക്കാർ ശമ്പള കുടിശ്ശിക വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ